**കേരള കാർഷിക സർവകലാശാല**

**കാർഷിക കോളേജ്,വെള്ളായണി**

**തിരുവനന്തപുരം 695 522**

**Phone : 0471-2381002, 2381915**

**e-mail: deanagri@kau.in, coavellayani@kau.in**

**നം. COAVNY/14903/2024-GL-A1** **തീയതി: 13-02-2025**

## റീ-ക്വട്ടേഷൻ നോട്ടീസ്

വെള്ളായണി കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ ഇവിടെ എത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് ഒരു വർഷത്തേക്ക് കോളേജ് ക്യാമ്പസിലെ ക്യാന്റീൻ നടത്തിക്കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ഭക്ഷണ സാധനങ്ങൾ/പാനീയങ്ങൾ എന്നിവയ്ക്ക് മിതമായ നിരക്കുകൾ അടങ്ങിയ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നം. | ഭക്ഷണ സാധനങ്ങളുടെ പേര് | അളവ് |
|---|---|---|
| | **പ്രഭാത ഭക്ഷണം** | |
| 1. | അപ്പം (1 എണ്ണം) | 75 ഗ്രാം |
| 2. | ഇഡ്ഡലി (1 എണ്ണം) | 75 ഗ്രാം |
| 3. | ദോശ (1 എണ്ണം) | 75 ഗ്രാം |
| 4. | പൂരി (1 എണ്ണം) | 75 ഗ്രാം |
| 5. | ഇടിയപ്പം (1 എണ്ണം) | 75 ഗ്രാം |
| 6. | പുട്ട് (1 കഷ്ണം) | 150 ഗ്രാം |
| 7. | മസാല ദോശ (ചട്ട്ണി, സാമ്പാർ സഹിതം) | (1 എണ്ണം) |
| 8. | ചപ്പാത്തി | (1 എണ്ണം) |
| 9. | പൊറോട്ട | (1 എണ്ണം) |
| 10. | വെജിറ്റബിൾ കറി/ഉരുളക്കിഴങ്ങ് കറി | 150 ഗ്രാം |
| 11. | മുട്ട കറി | 1 മുട്ട-150 ഗ്രാം |
| 12. | കടലക്കറി | 150 ഗ്രാം |
| 13. | ഗ്രീൻപീസ് കറി | 150 ഗ്രാം |

| | | |
|---|---|---|
| | **ഉച്ച ഭക്ഷണം – വെജിറ്റേറിയൻ വിഭവങ്ങൾ** | |
| **1.** | ചോറ് (നല്ല അരി), സാമ്പാർ കറി, ഏതെങ്കിലും കൂട്ടുകറി, തോരൻ, മെഴുക്കുപുരട്ടി, രസം/മോര്, അച്ചാർ, പപ്പടം | ആവശ്യത്തിന് |
| **2.** | തൈര് | **50** മില്ലി |
| | **നോൺ വെജിറ്റേറിയൻ വിഭവങ്ങൾ** | |
| **1.** | ഓംലെറ്റ് (സിംഗിൾ) | **1** മുട്ട |
| **2.** | മീൻ വറുത്തത് (ഇനത്തിനും വലിപ്പത്തിനും അനുസരിച്ച്) | |
| **3.** | മീൻ കറി (ഇനത്തിനും വലിപ്പത്തിനും അനുസരിച്ച്) | **150** ഗ്രാം |
| **4.** | ചിക്കൻ കറി | ചെറിയ പ്ലേറ്റ് **100** ഗ്രാം |
| | | വലിയ പ്ലേറ്റ് **150** ഗ്രാം |
| **5.** | ചിക്കൻ ഫ്രൈ | ചെറിയ പ്ലേറ്റ് **100** ഗ്രാം |
| | | വലിയ പ്ലേറ്റ് **150** ഗ്രാം |
| **6.** | ബീഫ് ഫ്രൈ | ചെറിയ പ്ലേറ്റ് **100** ഗ്രാം |
| | | വലിയ പ്ലേറ്റ് **150** ഗ്രാം |
| **7.** | ബിരിയാണി (വെജിറ്റബിൾ, മുട്ട, ചിക്കൻ, ബീഫ്) | **300** ഗ്രാം |
| **8.** | ഗീ റൈസ്, ചിക്കൻ കറി | **300** ഗ്രാം |
| **9.** | ഫ്രൈഡ് റൈസ് (മുട്ട, ചിക്കൻ) | **300** ഗ്രാം |
| **10.** | കപ്പ, മീൻ കറി | **300** ഗ്രാം |
| | **റിഫ്രെഷ്മെന്റ്സ്** | |
| **1.** | കട്ടൻ ചായ/കാപ്പി | **200** മില്ലി |
| **2.** | ഫ്രൂട്ട് ജ്യൂസ് (**Lime, Pineapple, Mango, Grape, Orange, Watermelon** തുടങ്ങിയവ) | **250** മില്ലി |
| **3.** | ഷേക്ക് | **250** മില്ലി |
| **4.** | ശീതള പാനീയങ്ങൾ | അച്ചടിച്ച വിലയ്ക്ക് |

ചായ, കോഫി, ചെറുകടികൾ എന്നിവയ്ക്ക് ചുവടെ ചേർക്കും പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുള്ളതും ടി നിരക്കിൽ വിതരണം ചെയ്യേണ്ടതുമാണ്.

| **ക്രമ നം.** | **ഭക്ഷണ സാധനങ്ങളുടെ പേര്** | **അളവ്** | **നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരക്ക് (രൂപ)** |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ചായ | 200 മില്ലി | 8/- |
| 2. | കോഫി | 200 മില്ലി | 10/- |
| 3. | ബ്രൂ കോഫി | 200 മില്ലി | 10/- |
| സ്നാക്സ് ഇനങ്ങൾ (സാധാരണ വലുപ്പം) | | | |
| 1. | പഴംപൊരി | 1 | 10/- |
| 2. | പരിപ്പുവട | 1 | 10/- |
| 3. | ഉഴുന്ന് വട | 1 | 10/- |
| 4. | ഇലയട | 1 | 10/- |
| 5. | മുട്ട ബജ്ജി | 1 | 10/- |
| 6. | നെയ്യപ്പം/ഉണ്ണിയപ്പം | 1 | 10/- |
| 7. | സുഖിയൻ | 1 | 10/- |
| 8. | ഉള്ളിവട | 1 | 10/- |
| 9. | സമോസ | 1 | 10/- |
| 10. | കട്‌ലറ്റ് (വെജ്/ചിക്കൻ) | 1 | 10/- |
| 11. | ബോണ്ട | 1 | 10/- |
| 12. | വെട്ടു കേക്ക് | 1 | 10/- |

## <u>കരാർ വ്യവസ്ഥകൾ</u>

1. കോളേജ് ക്യാന്റീനിന്റെ നടത്തിപ്പിനായി നൽകുന്ന അടുക്കള, സ്റ്റോർ, വർക്ക് ഏരിയ എന്നിവ ഉൾക്കൊള്ളുന്ന കെട്ടിടത്തിന്റെ വാടകയായി പ്രതിമാസം 1000/- രൂപ കരാർ ലഭിക്കുന്ന വ്യക്തി ഒടുക്കേണ്ടതാണ്. ക്യാന്റീൻ കെട്ടിടത്തിനകത്തുള്ള ഫർണിച്ചറുകൾ, പാത്രങ്ങൾ തുടങ്ങിയവ നടത്തിപ്പ് കാലത്തേയ്ക്ക്, ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിയ്ക്ക് ഉപയോഗത്തിന് സൗജന്യമായി വിട്ടുനൽകുന്നതാണ്.
2. ക്യാന്റീൻ നടത്തിപ്പിനാവശ്യമായ വെള്ളം ലഭ്യതയ്ക്കനുസൃതമായി സൗജന്യമായി ക്വട്ടേഷണർക്ക് നൽകുന്നതാണ്.
3. ക്യാന്റീൻ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി അടയ്ക്കേണ്ടതാണ്.
4. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങൾ പാകം ചെയ്യുന്നതിൽ പ്രാവീണ്യം ഉണ്ടായിരിക്കണം പ്രവൃത്തി പരിചയം തെളിയിക്കുന്നതിനായി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ക്വട്ടേഷനനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാന്റീൻ വിജയകരമായി നടത്തി പ്രവൃത്തിപരിചയമുള്ളവർ പ്രവൃത്തിപരിചയ സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം ക്യാന്റീൻ നടത്തിപ്പ് അനുവദിക്കുന്നതിൽ മുൻഗണന ലഭിക്കുന്നതാണ്.
6. കരാർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി **<u>5,000/ - രൂപ</u>** ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കുന്ന പക്ഷം തുക പലിശയില്ലാതെ മടക്കി നൽകുന്നതാണ്.
7. ക്യാന്റീനിന്റെ പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകുന്നേരം 7.00 മണിവരെ ആയിരിക്കും. ആവശ്യമെങ്കിൽ കോളേജിന്റെ നിർദ്ദേശത്തിനനുസരിച്ച് പ്രവൃത്തി സമയം 7.30 വരെ ദീർഘിപ്പിക്കേണ്ടതാണ്.
8. ക്യാന്റീൻ പ്രവർത്തനത്തിൽ എഫ്.എസ്.എസ്.എ.ഐ ആക്ട് 2006 (FSSAI ACT 2006) പ്രകാരമുള്ള എല്ലാ നിയമങ്ങളും പാലിക്കേണ്ടതാണ്.
9. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെയും വൈകുന്നേരവും ചായയും ലഘു

ഭക്ഷണവും കോളേജ് ഓഫീസിൽ എത്തിച്ച് ആവശ്യക്കാരായ ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്.

10. ക്യാന്റീനിൽ ജോലി ചെയ്യുന്ന വ്യക്തികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. വ്യക്തി ശുചിത്വം പാലിക്കേണ്ടതും ജോലിസമയത്ത് ഏപ്രൺ, ഹെഡ് കാപ്പ് എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്.
11. പാചകത്തിനാവശ്യമായ പാത്രങ്ങൾ, ഗ്യാസ്, പച്ചക്കറികൾ പലവ്യഞ്ജനങ്ങൾ മത്സ്യമാംസാദികൾ എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ക്വട്ടേഷണർ വാങ്ങേണ്ടതാണ്.
12. ക്യാന്റീനിലെ ഹാളും അടുക്കളയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആഴ്ചയിൽ ഒരിക്കലെങ്കിലും സോപ്പുപയോഗിച്ച് വൃത്തിയാക്കണം.
13. പാചകത്തിലും ശുചിത്വം പാലിക്കേണ്ടതാണ്. തിളപ്പിച്ച വെള്ളം/ഫിൽറ്റർ വെള്ളം മാത്രമേ കുടിക്കുവാനായി നൽകാവൂ.
14. ഭക്ഷണ വിലനിലവാരം ക്യാന്റീൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രം നിശ്ചയിക്കേണ്ടതും, ആയത് കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
15. കോളേജ്/സർവ്വകലാശാല ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും, തൊഴിലാളികൾക്കും കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ വൃത്തിയുള്ളതും ഗുണനിലവാരം പുലർത്തുന്നതുമായ ഭക്ഷണവിഭവങ്ങൾ നൽകേണ്ടതാണ്.
16. ക്യാന്റീൻ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും ഭക്ഷണാവശിഷ്ടങ്ങൾ യഥാവിധം നിർമാർജ്ജനം ചെയ്യേണ്ടതുമാണ്.
17. അവധി ദിവസങ്ങൾ ഒഴികെ മറ്റ് ദിവസങ്ങളിൽ യാതൊരു കാരണവശാലും ക്യാന്റീൻ പ്രവർത്തനം നിർത്തി വയ്ക്കുവാനോ ക്യാന്റീൻ പൂട്ടിയിടുവാനോ ക്വട്ടേഷണർക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. അത്തരമൊരു സാഹചര്യം സംജാതമാകുന്ന പക്ഷം മുൻകൂറായി ഓഫീസിൽ അറിയിച്ച് അനുമതി വാങ്ങേണ്ടതും അതിന്റെ തലേ ദിവസം അത്തരമൊരു ബോർഡ് ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
18. കോളേജ് ക്യാന്റീനിന്റെ നടത്തിപ്പിനായി നൽകുന്ന കെട്ടിടത്തിൽ ക്യാന്റീൻ നടത്തിപ്പുകാരനോ ക്യാന്റീൻ തൊഴിലാളികൾക്കോ താമസസൗകര്യം അനുവദിക്കുന്നതല്ല.
19. ഇ-പേയ്മെന്റ് വഴി പണം വാങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.
20. ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള വിലയിൽ നിന്നും കാലാനുസൃതമായി വിപണിയിലുണ്ടകുന്ന വില വ്യത്യാസം കണക്കിലെടുത്ത് വില മാറ്റി നിശ്ചയിക്കുവാനും ക്വട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തുവാനും വില നിർണ്ണയിക്കുവാനും ക്യാന്റീൻ കമ്മിറ്റിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
21. ക്യാന്റീനിന്റെ പ്രവർത്തനവും, ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും, പാചകശാലയിലെ ശുചിത്വവും പരിശോധിക്കുന്നതിന് ഏതു സമയത്തും ക്യാന്റീനിൽ പ്രവേശിക്കുവാനുള്ള അധികാരം ക്യാന്റീൻ കമ്മിറ്റിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.
22. ഭക്ഷ്യ സുരക്ഷാ നിയമം കൃത്യമായി പാലിക്കാത്തതിനാലോ മറ്റ് കാരണങ്ങളാലോ പിഴ ഈടാക്കപ്പെട്ടാൽ ആയത് ഒടുക്കേണ്ട പൂർണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ഈ കോളേജിനോ, സ്ഥാപന മേധാവിക്കോ അതിൽ യാതൊരു ഉത്തരവാദിത്വവുമുണ്ടതായിരിക്കുന്നതല്ല
23. ക്വട്ടേഷണറും സഹായികളും രാഷ്ട്രീയപരമായ പ്രവർത്തനങ്ങളിൽ ക്യാന്റീനിന്റെ പ്രവർത്തന സമയത്ത് ഏർപ്പെടാൻ പാടുള്ളതല്ല .
24. ക്വട്ടേഷണർ കരാറെടുത്ത കാലാവധിയ്ക്ക് മുമ്പ് കരാർ റദ്ദ് ചെയ്യാൻ തീരുമാനിക്കുകയാണെങ്കിൽ രണ്ട് മാസത്തെ മുൻകൂർ നോട്ടീസ് കോളേജ് മേധാവിയ്ക്ക് നൽകേണ്ടതാണ്.
25. ക്വട്ടേഷണർ കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ലായെന്ന് ക്യാന്റീൻ കമ്മിറ്റി കണ്ടെത്തിയാൽ ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുവാനുള്ള അധികാരം കോളേജ് മേധാവിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

26. ക്വട്ടേഷണറുടെ ക്യാന്റീൻ നടത്തിപ്പിന്റെ കാലയളവിൽ ഗുണനിലവാരവും രുചിയുമുള്ള ഭക്ഷണം ഉപഭോക്താക്കൾക്ക് നൽകുന്നില്ലെന്ന് ബന്ധപ്പെട്ട കമ്മിറ്റി വിലയിരുത്തിയാൽ ക്വട്ടേഷണറുമായുള്ള കരാർ അവസാനിപ്പിച്ച് തൊട്ടടുത്ത ക്വട്ടേഷണറെ ക്യാന്റീൻ പ്രവർത്തനം ഏൽപ്പിക്കുവാൻ സർവകലാശാലക്ക് അധികാരമുണ്ടായിരിക്കും.

മുദ്ര വച്ച ക്വട്ടേഷനുകൾ **05.03.2025 രാവിലെ 11.30 മണി** വരെ **ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണി** എന്ന വിലാസത്തിൽ സമർപ്പിക്കാവുന്നതും ആയത് അന്നേ ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമായിരിക്കും. ഏറ്റവും ന്യായമായ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ഉചിതമെന്ന് തോന്നുന്ന പക്ഷം മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതായിരിക്കും. ഏത് ക്വട്ടേഷൻ സ്വീകരിക്കണമെന്നതിൽ കോളേജ് മേധാവിയ്ക്ക് വിവേചനാധികാരം ഉണ്ടായിരിക്കും. നിലവിലുള്ള ചട്ടങ്ങളിലേയും സർക്കാർ ഉത്തരവുകളിലേയും വ്യവസ്ഥകൾ ഇതിന് ബാധകമായിരിക്കും. ക്യാന്റീൻ കരാർ ഉറപ്പിച്ചതായുള്ള വിവരം ലഭിച്ചാൽ 5 ദിവസത്തിനകം കോളേജ് മേധാവിയുടെ പേരിൽ വാങ്ങിയ 200/- രൂപ മുദ്ര പത്രത്തിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് തയ്യാറാക്കി തരുന്ന കരാറിൽ ഒപ്പിട്ട് കോളേജ് മേധാവിയ്ക്ക് സമർപ്പിച്ചതിനുശേഷം ക്യാന്റീൻ പ്രവർത്തനം തുടങ്ങാവുന്നതാണ്. ക്വട്ടേഷൻ അടക്കം ചെയ്ത കവറിനു പുറത്ത് **"കോളേജ് ക്യാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കേണ്ടതാണ്.

**Dr. Roy Stephen**

**DEAN OF FACULTY (AGRICULTURE)**

പകർപ്പ് : കേരള കാർഷിക സർവകലാശാല വെബ്സൈറ്റ് / കോളേജ് നോട്ടീസ് ബോർഡ്

**ഉത്തരവിൻ പ്രകാരം**

Signed by
Suresh Kumar R P
**സെക്ഷൻ ഓഫീസർ**
Date: 13-02-2025 15:36:30